# കേരളസർവകലാശാല

നം.പി.ആർ.259/2020

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബിരുദ,ബിരുദാനന്തര ബിരുദ പ്രവേശനം 2020
### സ്പോർട്സ് ക്വാട്ട – സപ്ലിമെന്ററി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു
### കൗൺസിലിംഗ് ജനുവരി 4 ന്

കേരളസർവകലാശാല ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനം – സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള സപ്ലിമെന്ററി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആദ്യഘട്ട രജിസ്ട്രേഷൻ സമയത്തിനു ശേഷം സ്പോർട്സ് പ്രൊഫോമ കോളേജുകളിൽ സമർപ്പിച്ചവ രാണ് (Late Submitted Proformas) സപ്ലിമെന്ററി റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക്ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട കൗൺസിലിംഗ് ജനുവരി 4 ന് ആണ് നടത്തുന്നത്. പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് ക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർ ജനുവരി 4 ന് രാവിലെ 10.30 ന് അതതു കോളേജുകളിൽ ഹാജ രായിരിക്കണം. രണ്ടാം ഘട്ട കൗൺസിലിംഗിൽ സ്പോർട്സ് ക്വാട്ട മെയിൻ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രിഫറൻസ് ലഭിക്കുന്നതാണ്. മെയിൻ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർ ഹാജരാകുക യാണെങ്കിൽ അവരെ പരിഗണിച്ച ശേഷം മാത്രമേ സപ്ലിമെന്ററി റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവരെ പരി ഗണിക്കുകയുള്ളൂ.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക്ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജുകളിൽ ഹാജരായിരിക്കേണ്ട താണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്, റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതി നിധിയോ ഹാജരില്ല എങ്കിൽ റാങ്ക്ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

### പുതുക്കിയ പരീക്ഷാകേന്ദ്രം

2021 ജനുവരി 4 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് ഗുരു നിത്യ ചൈതന്യയതി കോളേജ് ഓഫ് ലോ ആന്റ് റിസർച്ച് സെന്റർ, കായംകുളം സബ്സെന്റർ ആയി ഓപ്ഷൻ നൽകിയിട്ടുള്ള ശ്രീനാരായണഗുരു കോളേജ് ഓഫ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥി കൾ ശ്രീനാരായണഗുരു ട്രസ്റ്റ് സെന്റർ, കൊല്ലം സ്കൂളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

എസ്.എൻ.കോളേജ്,വർക്കല, എൻ.എസ്.എസ്. കോളേജ്, നിലമേൽ, എൻ.എസ്.എസ്. കോളേജ്, പന്തളം, എൻ.എസ്.എസ്. കോളേജ്, ചേർത്തല, ടി.കെ.എം.എം. കോളേജ്, നങ്ങ്യാർകുളങ്ങര എന്നീ കേന്ദ്രങ്ങളിൽ ഡിസംബർ 14, 15 എന്നീ തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം 2021 ജനുവരി 18, 19 എന്നീ തീയതികളിൽ നടത്തുന്നതാണ്.

## പരീക്ഷാഫീസ്

കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി/ഫൈനൽ മേഴ്സിചാൻസ് (2007 അഡ്മിഷൻ വരെ) ഡിസംബർ 2020 (2008 & 2013 സ്കീം) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഡിസംബർ 29 മുതൽ 2021 ജനുവരി 6 വരെയും 150 രൂപ പിഴയോടെ ജനുവരി 11 വരെയും 400 രൂപ പിഴയോടെ ജനുവരി 13 വരെയും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

2021 ജനുവരിയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (ഫുൾടൈം (യു.ഐ.എം. ഉൾപ്പെടെ)/റെഗുലർ (ഈവനിംഗ്)/ട്രാവൽ ആന്റ് ടൂറിസം) 2018 സ്കീം (റെഗുലർ ആന്റ് സപ്ലിമെന്ററി) യുടേയും 2014 സ്കീം (സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്) പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഇലക്ട്രോണിക്സ് (റെഗുലർ, സപ്ലിമെന്ററി) മേഴ്സിചാൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2021 ജനുവരി 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അനലറ്റിക് കെമിസ്ട്രി/അപ്ലൈഡ് കെമിസ്ട്രി എന്നീ വിഷയങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പെൻഷൻ പരിഷ്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കാം

കേരളസർവകലാശാലയിൽ നിന്നും യു.ജി.സി. സ്കീമിൽ പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരും ഫാമിലി പെൻഷൻകാരും പെൻഷൻ പരിഷ്കരണത്തിനുള്ള അപേക്ഷ ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ തപാൽ മാർഗം നൽകേണ്ടതാണ്. അപേക്ഷയുടെ മാതൃക www.kufinance.info എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## സീറ്റ് ഒഴിവ്

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ഫ്യച്ചർ സ്റ്റഡീസ് പഠനവകുപ്പിൽ ഒന്നാം വർഷ എം.എസ്.സി. ഡേറ്റ സയൻസ് (സി.എസ്.എസ്.) 2020–2021 പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ രണ്ട് സീറ്റും എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റും ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി 2020 ഡിസംബർ 30 ന് രാവിലെ 10.30 ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ

ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 – 2305321, 9249438722 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

കേരളസർവകലാശാലയുടെ പഠനവകുപ്പുകളിൽ 2020–21 വർഷം പുതുതായി ആരംഭിക്കുന്ന എം.എ. പൊളിറ്റിക്സ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് ഡിപ്ലോമസി, എം.എസ്.സി. കെമിസ്ട്രി (സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി) എന്നീ കോഴ്സുകൾക്ക് എസ്.സി. സീറ്റും എം.എസ്.സി. ഫിസിക്സ് – സ്പെഷ്യലൈസേഷൻ ഇൻ സ്പെയ്സ് ഫിസിക്സ്, എം.എസ്.സി. കെമിസ്ട്രി (സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൽ എനർജി) എന്നീ കോഴ്സുകൾക്ക് എസ്.ടി. സീറ്റും ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 30 ന് രാവിലെ 10 മണിക്ക് വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പി.ജി. ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് കോഴ്സ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല മനഃശാസ്ത്രവിഭാഗത്തോടനുബന്ധിച്ചു പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ ഫെബ്രുവരിയിൽ ആരംഭിക്കുന്ന പി.ജി. ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് കോഴ്സിലേക്ക് (പി.ജി.ഡി.സി.പി.) അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷ ദൈർഘ്യമുള്ള ഈ കോഴ്സിലേക്ക് കേരളസർവകലാശാല അംഗീകരിച്ചിട്ടുള്ള സൈക്കോളജി ബിരുദമാണ് യോഗ്യത. ബിരുദതലത്തിൽ 100 മാർക്കിൽ കുറയാതെയുള്ള ഒരു പേപ്പർ (ജനറൽ സൈക്കോളജി/സോഷ്യൽ സൈക്കോളജി/അബ്നോർമൽ സൈക്കോളജി/ഡെവലപ്പ്മെന്റൽ സൈക്കോളജി/ഓർഗനൈസേഷൻ ബിഹേവിയർ) പഠിച്ചിട്ടുള്ളഴർക്കും അപേക്ഷിക്കാം. ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം ക്യാമ്പസിലുള്ള മനഃശാസ്ത്ര വിഭാഗത്തിലാണ് ക്ലാസുകൾ നടത്തുന്നത്. 2021 ജനുവരി 20 വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷാഫോറവും വിശദവിവരങ്ങളും കേരളസർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 9447221421 എന്ന നമ്പറിൽ ബന്ധപ്പെടുക.

## 'കേരള'വിദൂരവിദ്യാഭ്യാസം: അപേക്ഷ ഡിസംബർ 31 വരെ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഡിസംബർ 31 വരെ ഓൺലൈനായി അപേക്ഷിക്കാം.

www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. യു.ജി., പി.ജി. പ്രോഗ്രാമുകളുടെ ഓൺലൈൻ അപേക്ഷയുടെ ശരിപകർപ്പ്, അനുബന്ധരേഖകൾ മുതലായവ കാര്യവട്ടത്തു പ്രവർത്തിക്കുന്ന വിദൂരവിദ്യാഭ്യാസവിഭാഗം ഓഫീസിൽ നേരിട്ടോ തപാൽ (രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ്) മുഖേനയോ ലഭിക്കേണ്ട അവസാന തീയതി ജനുവരി 5.

## പിഎച്ച്.ഡി. നൽകി

പാർവതി ജയചന്ദ്രൻ, ശങ്കര നാരായണൻ വി (ബയോടെക്നോളജി), സൂര്യ ആർ, ലക്ഷ്മി വി. കുമാർ (കെമിസ്ട്രി), വിഷ്ണു ആർ.എസ്. (ഹിന്ദി), എലിസബത്ത് ജേക്കബ് (മാനേജ്മെന്റ് സ്റ്റഡീസ്), റംസിയ റഹ്മത് സി (സോഷ്യൽ വർക്ക്), താര എൻ സത്യൻ (ഫിസിക്സ്), തൽമി ബി (മാത്തമാറ്റിക്സ്), ജിസ ഡേവിഡ് (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ദീപ്തി കെ.എസ്. (ഇക്കണോമിക്സ്), ഷാജിമോൻ ഐ.ജെ., ലെനിൻ ലാൽ (ഹിസ്റ്ററി), ജാൽസൺ ജേക്കബ് (ഇംഗ്ലീഷ്), കൃഷ്ണ എസ് (സോഷ്യോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## **കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു**

കേരളസർവകലാശാല ഓഫീസിലേക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനായി, എഴുത്തും വായനയും അറിയാവുന്ന, കായികക്ഷമതയുള്ളവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. കുറഞ്ഞ പ്രായപരിധി: 30 വയസ്സ് (01.01.2020 അടിസ്ഥാനമാക്കി) ഉയർന്ന പ്രായപരിധി: ജനറൽ: 45 വയസ്സ്, ഒ.ബി.സി. – 48 വയസ്സ്, പട്ടികജാതി/പട്ടികവർഗ്ഗം – 50 വയസ്സ്. വിദ്യാഭ്യാസ യോഗ്യത: വിജ്ഞാപന തീയതിക്കകം ഏഴാം തരം പാസ്സായിട്ടുള്ളവരും, പത്താം തരം പാസ്സായിട്ടില്ലാത്തവരുമായിരിക്കണം. എസ്.എസ്.എൽ.സി. യോ മറ്റു തത്തുല്യ പരീക്ഷകളോ പാസായവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. എട്ടാം തരത്തിന് താഴെ വിദ്യാഭ്യാസയോഗ്യതയുള്ളവരെ ക്ലീനർ/സ്വീപ്പർ തസ്തികകളിലേക്ക് മാത്രം പരിഗണിക്കുന്നതാണ്.

അപേക്ഷകൾ 2021 ജനുവരി 14 ാം തീയതി 5.00 ന് മുൻപ് തന്നെ സർവകലാശാല റിക്രൂട്ട്മെന്റ് പോർട്ടൽ (https://recruit.keralauniversity.ac.in/) വഴി ഓൺലൈനായി സമർപ്പിച്ചിരിക്കണം. വിജ്ഞാപനവും, വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**29.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**